**"ഭരണഭാഷ – മാതൃഭാഷ"**

**നമ്പർ. എച്ച് (2)/35985/2016/ഡി.പി.ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 28/09/2016

**പൊതു വിദ്യാഭ്യാസ ഡയറക്ടർ.**

**എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.**
**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.**
**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.**
**എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)**

സർ,

**വിഷയം:** പൊതു വിദ്യാഭ്യാസം - തസ്തിക നിർണയം - കുട്ടികളുടെ യു.ഐ.ഡി വിവരങ്ങൾ സംബന്ധിച്ച്

**സൂചന :** ഈ ഓഫീസിൽ നിന്നുള്ള 4/6/2015, 25/6/2016 എന്നീ തീയതികളിലെ ഇതേ നമ്പർ കത്ത്.

----------

സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികളുടെയും യു.ഐ.ഡി/ഇ.ഐ.ഡി ഐ.ടി @ സ്കൂൾ വെബ്സൈറ്റിൽ എന്റർ ചെയ്യണമെന്ന് നിരവധി അറിയിപ്പുകൾ നൽകിയിരുന്നതാണ്. എന്നാൽ 1,62,043 വിദ്യാർത്ഥികൾക്ക് ഇപ്പോഴും യു.ഐ.ഡി/ഇ.ഐ.ഡി ഇല്ലാത്ത അവസ്ഥയാണ്. പ്രഥമാദ്ധ്യാപകരുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി മാത്രമേ ഇതിനെ കണക്കാക്കാൻ കഴിയൂ. റിട്ട് പെറ്റീഷൻ നമ്പർ 27337/2016 എന്ന കേസിൽ ബഹു: ഹൈക്കോടതി, രണ്ടാഴ്ചയ്ക്കുള്ളിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികളുടെയും യു.ഐ.ഡി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ കർശന നിർദേശം നൽകിയിട്ടുണ്ട്. ആയതിനാൽ <u>5/10/2016 വൈകിട്ട് 5 മണിക്ക് മുമ്പ്</u> മുഴുവൻ വിദ്യാർത്ഥികളുടെയും യു.ഐ.ഡി/ഇ.ഐ.ഡി നമ്പരുകൾ www.itschool.gov.in എന്ന വെബ്സൈറ്റിലെ Sixth Working Day 2016 എന്ന ലിങ്കിൽ സമ്പൂർണയുടെ യൂസർ നെയിം, പാസ്സ് വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് എന്റർ ചെയ്യേണ്ടതാണ്. ഇതിനകം എന്റർ ചെയ്തിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

ബഹു: കോടതി നിർദേശം പാലിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇതിന് അടിയന്തര പ്രാധാന്യം നൽകണമെന്നും വീഴ്ചകൾ ഉണ്ടായാൽ ഉത്തരവാദികളായവരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടിവരും എന്നുമറിയിക്കുന്നു. ഈ കത്ത് എല്ലാ പ്രഥമാദ്ധ്യാപകർക്കും ഇന്നു തന്നെ എത്തിക്കാനും മുഴുവൻ വിദ്യാർത്ഥികളുടെയും യു.ഐ.ഡി/ഇ.ഐ.ഡി എടുപ്പിക്കാനും അവ നിർദിഷ്ട സമയ പരിധിക്കുള്ളിൽ തന്നെ സൈറ്റിൽ എന്റർ ചെയ്യിക്കാനും എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാദ്ധ്യാപകരും വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**കെ.വി. മോഹൻ കുമാർ ഐ.എ.എസ്**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ.**

എ.സി-28/9